# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1869** — 07.03.2017 ൽ മറുപടിക്ക്

### *ഐ.റ്റി. നയം*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.എൽദോസ് കുന്നപ്പിള്ളി.**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.വി.ടി.ബൽറാം** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) സർക്കാരിന്റെ ഐ.റ്റി. നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) ഇല്ല. സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.റ്റി. നയത്തിന്റെ കരട് രൂപരേഖ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. |
| (ബി) ഐ.റ്റി. വ്യവസായത്തിലെ പുതിയ ആവശ്യകതകൾക്ക് അനുസൃതമായി യുവതീയുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) ഐ.റ്റി. വ്യവസായത്തിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി നൂതന ആശയങ്ങളിൽ സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനും അവയെ വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടത്തി വരുന്നു. കൂടാതെ യുവാക്കളെയും, വിദ്യാർത്ഥികളെയും സ്റ്റാർട്ടപ്പ് സംരംഭകരാകുന്നതിന് പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ കഴിയും.<br>ബിരുദധാരികൾക്ക് ആവശ്യമായ ശേഷിയും വിജ്ഞാനവും വർദ്ധിപ്പിക്കുന്നതിനായി വ്യാവസായിക മേഖലയുടെ സഹായത്തോടെ എല്ലാ സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ബന്ധിപ്പിക്കുന്ന ഒരു ടെലി ശൃംഖല സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് (തുടക്കമെന്ന നിലയിൽ കേരള സാങ്കേതിക സർവകലാശാലയുടെ കീഴിലുള്ള എൻജിനീയറിംഗ് കോളേജുകൾ).<br>ഐ.റ്റി./ഐ.റ്റി. അനുബന്ധ വ്യവസായങ്ങളിലെ പുതിയ ആവശ്യങ്ങൾക്ക് അനുസൃതമായി ഈ മേഖലയിൽ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ |

സ്വീകരിച്ചുകൊണ്ടുള്ള ഐ.റ്റി. നയമായിരിക്കും ഈ സർക്കാർ ആവിഷ്കരിക്കുന്നത്.

| | |
|---|---|
| (സി) ഐ.റ്റി. കയറ്റുമതിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം എന്താണ്; | (സി) രാജ്യത്തെ ഐ.റ്റി. വികസന രംഗത്തെ മൊത്തം കയറ്റുമതി സംബന്ധിച്ചുള്ള ആധികാരികമായ കണക്കുകൾ ലഭ്യമല്ല. നാസ്കോം റിപ്പോർട്ടുകൾ അനുസരിച്ച് ഐ.റ്റി. കയറ്റുമതിയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് 4-ാം സ്ഥാനവും (1.കർണ്ണാടകം, 2. ആന്ധ്രാപ്രദേശ്, 3. തമിഴ് നാട്. 4. കേരളം) ഇന്ത്യയിൽ 7-ാം സ്ഥാനവുമാണുള്ളത്. |
| (ഡി) ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുൻപന്തിയിലെത്തിക്കുന്നതിന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വെളിപ്പെടുത്തുമോ? | ഡി) ഐ.റ്റി. മേഖലയിലെ വിപുലമായ വ്യവസായ സംരംഭങ്ങൾ, നിക്ഷേപ സാധ്യതകൾ പരമാവധി പ്രത്യക്ഷവും പരോക്ഷവുമായി സൃഷ്ടിക്കാൻ കഴിയുന്ന തൊഴിലവസരങ്ങൾ തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി രൂപീകരിക്കുന്ന സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.റ്റി. നയത്തിൽ വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്.<br>യുവസംരംഭകരെ ഐ.റ്റി./ഐ.റ്റി. അനുബന്ധ മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും പ്രാപ്തരാക്കുന്നതിനും കേരള സ്റ്റാർട്ട്- അപ്പ് മിഷൻ, ഐ.സി.റ്റി അക്കാഡമി തുടങ്ങിയ സ്ഥാപനങ്ങൾ നിരവധി പദ്ധതികൾ ഏറ്റെടുത്ത് നടത്തി വരുന്നു. കൂടാതെ വിവരസാങ്കേതിക വിദ്യകൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.റ്റി. രംഗത്തെ വളർച്ചയ്ക്കായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുള്ള പാർക്കുകൾ, പ്രൈവറ്റ് ഐ.റ്റി. പാർക്കുകൾ ഉൾപ്പെടെയുള്ള ഐ.റ്റി. പാർക്കുകൾ തുടങ്ങിയ |

ഐ.റ്റി. സംരംഭങ്ങൾക്ക് സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്.

ഐ.റ്റി. മേഖലയിലെ സാങ്കേതിക മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അതിനനുസൃതമായിട്ടുള്ള വ്യവസായങ്ങളെ ആകർഷിക്കുന്നതിനുള്ള കാര്യപരിപാടികളും പ്രചാരണ പ്രവർത്തനങ്ങളും ആവിഷ്കരിച്ചു വരുന്നു.

ഭൂമി നൽകിയ ഐ.റ്റി. കമ്പനികൾ അവരുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ, 19.73 ഏക്കർ ഭൂമിയിൽ ടോറസ് ഗ്രൂപ്പിന്റെ കൊമേഷ്യൽ/ ഐ.റ്റി./ഐ.റ്റി. അനുബന്ധ വ്യവസായ സംരംഭങ്ങൾ ഉൾപ്പെട്ട " ടോറസ് ഡൗൺ ടൗൺ" പദ്ധതി, ഏകദേശം 424 ഏക്കറിലുള്ള ടെക്നോസിറ്റി പദ്ധതിയിലെ കമ്പനികളായ TCS, Suntec, IIITM-K. KASE, Infosys എന്നീ സ്ഥാപനങ്ങളുടെ വ്യവസായ സംരംഭങ്ങൾ, തുടങ്ങിയവ വരും വർഷങ്ങളിൽ ഐ.റ്റി. മേഖലയിലെ വൻ വികസനത്തിന് വഴിയൊരുക്കും. കൂടാതെ കൂടുതൽ ഐ.റ്റി. സംരംഭകരെ ഇവിടേയ്ക്ക് ആകർഷിക്കാനും, ടെക്നോസിറ്റി കാമ്പസ് വേഗത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിനും വേണ്ടി 2 ലക്ഷം ച.അടി വിസ്തീർണ്ണത്തിലുള്ള ഒരു ഐ.റ്റി. കെട്ടിട സമുച്ചയം ടെക്നോസിറ്റിയിൽ നിർമ്മിക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

വിദേശ രാജ്യങ്ങളിലുൾപ്പെടെയുള്ള മേളകളിൽ കേരളത്തിലെ ഐ.റ്റി. വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പ്രചാരണ നടപടികൾ എടുത്തുവരുന്നുണ്ട്.

മേൽ വിവരിച്ച വികസന പദ്ധതികളിലൂടെ നിലവിലുള്ള ഗവൺമെന്റ് പാർക്കുകൾ, സ്വകാര്യ പാർക്കുകൾ, വിവിധ ഐ.റ്റി./ ഐ.റ്റി. അനുബന്ധ കമ്പനികൾ. അവയുടെ വികസന പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇനിയും കൂടുതൽ ഐ.റ്റി. സംരംഭങ്ങൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനും മുൻ വർഷങ്ങളേക്കാൾ കൂടുതൽ സോഫ്റ്റ് വെയർ കയറ്റുമതി വർദ്ധിപ്പിച്ച് സംസ്ഥാനത്തെ മുൻപന്തിയിൽ എത്തിക്കുന്ന തിനായി സർക്കാർ കാര്യക്ഷമമായ നടപടികൾ കൈക്കൊണ്ടു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ